"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏജൻസികളും തമ്മിൽ ഒപ്പു വയ്ക്കുന്നതിനുള്ള കരാർ ഉടമ്പടികളുടെ മാതൃകകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2092/2024/LSGD തീയതി,തിരുവനന്തപുരം, 04-11-2024

---

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.03.2024-ലെ 944/C4/2024/SM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് നിലവിൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡും(സി.കെ.സി.എൽ) മറ്റിടങ്ങളിൽ പ്രൈവറ്റ് ഏജൻസികളും ആണ് അജൈവമാലിന്യങ്ങൾ എം.സി.എഫ്(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) / ആർ.ആർ.എഫ്(Regional Residuals Facility) കളിൽ നിന്നും റീസൈക്ലിങിനായും മറ്റും കൊണ്ടുപോകുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. എന്നാൽ ഇവ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഒരു ഏകീകൃത കരാർ ഉടമ്പടി മാതൃക നിലവിലില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സി.കെ.സി.എൽ. / പ്രൈവറ്റ് ഏജൻസികൾ മുഖേന അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കരാറിൽ ഏർപ്പെടുന്നതിനുള്ള മാതൃകാ ഉടമ്പടിയുടെ കരട് അംഗീകാരത്തിനായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവമാലിന്യങ്ങളുടെ സംസ്കരണത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും മദ്ധ്യേയുള്ള ഘട്ടങ്ങൾ, എം.സി.എഫ്. / ആർ.ആർ.എഫിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ചു സംസ്കരിക്കുന്നതിനായി കൈമാറ്റം ചെയ്യൽ, എം.സി.എഫ് / ആർ.ആർ.എഫ്

നടത്തിപ്പ്, ഉറവിടങ്ങളിൽ നിന്ന് അജൈവ മാലിന്യം ശേഖരിച്ച് എം.സി.എഫുകളിൽ എത്തിക്കൽ എന്നിവയാണ്. പ്രസ്തുത പ്രവർത്തികളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ/ ഏജൻസികൾ തമ്മിൽ കരാറിൽ ഏർപ്പെടുന്നതിലേക്കായി ഇതോടൊപ്പം ചേർത്തിരിക്കുന്ന (i) എം.സി.എഫ്. / ആർ.ആർ.എഫിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി കൈമാറ്റം ചെയ്യുന്ന ഏജൻസികൾക്കുള്ള കരാർ ഉടമ്പടിയുടെ മാതൃക (ii) എം.സി.എഫ്/ ആർ.ആർ.എഫ് നടത്തിപ്പ് കൈകാര്യം ചെയ്യുന്ന ഏജൻസികൾക്കുള്ള കരാർ ഉടമ്പടിയുടെ മാതൃക (iii) ഉറവിടങ്ങളിൽ നിന്ന് അജൈവ മാലിന്യം ശേഖരിച്ച് എം.സി.എഫ്-കളിൽ എത്തിക്കുന്ന ഏജൻസികൾക്കുള്ള കരാർ ഉടമ്പടിയുടെ മാതൃക എന്നിവ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വമിഷൻ,തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.

ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 04-11-2024 09:42:53

സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.